LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് മോഡൽ ഐ.ടി.ഐ. വികസനം

75 [529] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോഡൽ ഐ.ടി.ഐ. ആയി പ്രഖ്യാപിക്കപ്പെട്ട കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

1997-ൽ സ്ഥാപിതമായ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. ഒരു മോഡൽ ഐ.ടി.ഐ. ആയി മാറ്റുന്നതിന്റെ ഭാഗമായി പുതിയതായി താഴെപ്പറയുന്ന മൂന്ന്, രണ്ടു വർഷ ട്രേഡുകളും 3 ഹ്രസ്വകാല ട്രേഡുകളും ആരംഭിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇവയിൽ ഒരു ദീർഘകാല ട്രേഡ് ഒഴികെ എല്ലാം ആധുനിക ട്രേഡുകളാണ്.

	ട്രേഡ്	*യൂണിറ്റ്*	*ദൈർഘ്യം*
1.	മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ്‌വെയർ ..	2	2 വർഷം
2.	മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്ക് ..	2	2 ,,
3.	മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ..	2	2 ,,

ഹ്രസ്വകാല കോഴ്സുകൾ

1.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ ..	2	6 മാസം
2.	ഡ്രൈവർ കം മെക്കാനിക്ക് ..	2	6 ,,
3.	ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് ..	2	6 ,,

എൻ. സി. വി. ടി. അംഗീകാരം

76 [530] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ഐ.ടി.ഐ. സ്ഥാപനങ്ങൾ നിലവിലുണ്ട് എന്ന് പറയുമോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് എൻ.സി.വി.റ്റി. അംഗീകാരം ലഭിച്ചിട്ടുള്ളത്;

(സി) ആറ്റിങ്ങൽ ഐ.ടി.ഐ.-യുടെ അധീനതയിലുണ്ടായിരുന്ന സ്ഥലം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനായി കൈമാറിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ഹെക്ടർ സ്ഥലം കൈമാറി എന്ന് വ്യക്തമാക്കുമോ;

(ഇ) ആറ്റിങ്ങൽ ഐ. ടി. ഐ.-യിൽ നിലവിലുള്ള കോഴ്സുകൾക്ക് എൻ. സി. വി. റ്റി. അംഗീകാരം ലഭിക്കുന്നില്ലായെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എന്നു മുതലാണ് എൻ.സി.വി.ടി. അംഗീകാരം ലഭിക്കാതിരുന്നത്;

(ജി) ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 32 സർക്കാർ ഐ.ടി.ഐ.-കൾ നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ ഐ.ടി.ഐ./ഐ.ടി.സി.-കളിൽ ചുവടെ ചേർക്കുന്ന 40 കോഴ്സുകൾക്ക് എൻ.സി.വി.റ്റി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

1. കാർപ്പെന്റർ.
2. കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്.
3. ഡ്രാഫ്റ്റ്സ്മാൻ സിവിൽ.
4. ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്കൽ
5. ഡ്രസ്സ് മേക്കിംഗ്.
6. ടെസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ.
7. ഇലക്ട്രീഷ്യൻ.
8. ഇലക്ട്രോപ്ലേറ്റർ.
9. ഫിറ്റർ.
10. ഫൗണ്ടറിമാൻ.
11. ഫോർജർ ആന്റ് ഹീറ്റ് ട്രീറ്റർ.
12. ഹെയർ ആന്റ് സ്കിൻ കെയർ.
13. മെഷ്യനിസ്റ്റ്.
14. മെക്കാനിക്ക് അഗ്രിക്കൾച്ചർ മെഷീനറി.
15. മെക്കാനിക്ക് ഡീസൽ.
16. മെക്കാനിക്ക് ഇലക്ട്രോണിക്സ്.
17. മെക്കാനിക്ക് ഇൻസ്ട്രുമെന്റ്
18. മെക്കാനിക്ക് മിൽറൈറ്റ്.
19. മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ.
20. മെക്കാനിക്ക് റേഡിയോ ആന്റ് ടെലിവിഷൻ.
21. മെക്കാനിക്ക് റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്.
22. മെക്കാനിക്ക് വാച്ച് ആന്റ് ക്ലോക്ക്.
23. മെക്കാനിക്ക് ട്രാക്ടർ

LIBRARY ARCHIVES Kerala Legislative Assembly

24. പെയിന്റർ ജനറൽ
25. ഫോട്ടോഗ്രാഫി.
26. പ്ലാസ്റ്റിക്ക് പ്രോസസിംഗ് ഓപ്പറേറ്റർ.
27. പ്ലംബർ.
28. സെക്രട്ടേറിയൽ പ്രാക്ടീസ്
29. ഷീറ്റ് മെറ്റൽ വർക്കർ.
30. സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്).
31. സ്റ്റെനോഗ്രാഫി (ഹിന്ദി)
32. സർവ്വേയർ.
33. ടൂൾ ആന്റ് ഡൈ മേക്കർ (ജിംഗ്സ് ആന്റ് ഫിക്ചേഴ്സ്)
34. ടൂൾ ആന്റ് ഡൈ മേക്കർ (ഡൈസ് ആന്റ് മോൾഡ്സ്).
35. ടർണർ
36. അപ്ഹോൾസ്റ്ററർ.
37. വെൽഡർ.
38. വയർമാൻ.
39. ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക് സർവ്വീസ് മെക്കാനിക്ക്.
40. മെക്കാനിക്ക് മെഡിക്കൽ ഇലക്ട്രോണിക്സ്.

(സി) കൈമാറിയിട്ടുണ്ട്.

(ഡി) 12.02 ഏക്കർ സ്ഥലം കൈമാറിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) എൻ.സിവിടി. അംഗീകാരം ലഭിക്കാത്തതുകൊണ്ട് 1995 ഫെബ്രുവരിക്കു ശേഷം ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ നിന്നും വിജയിച്ചവർക്ക് എൻ.ടി.സി. നൽകാൻ കഴിഞ്ഞിട്ടില്ല.

(ജി) 1995 ഫെബ്രുവരിക്കു ശേഷം പാസ്സായ ട്രെയിനികളുടെ സർട്ടിഫിക്കറ്റ് മേലൊപ്പ് വയ്ക്കുന്നതിനായി ന്യൂഡൽഹി ഡി.ജി.ഇ.റ്റി.-യിൽ പോയപ്പോൾ ടി സ്ഥാപനത്തിലെ ട്രേഡുകൾക്ക് അംഗീകാരം ലഭിച്ച ഉത്തരവ് ഹാജരാക്കാൻ ആവശ്യപ്പെട്ടു. ആയത് ഇൻസ്റ്റിറ്റ്യൂട്ടിലോ, ഡയറക്ടറേറ്റിലോ, ഡി.ജി.ഇ.റ്റി. ആസ്ഥാനത്തോ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ 1972 മുതലുള്ള വിവരങ്ങൾ ഉൾപ്പെടുത്തി റീവെരിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡി.ജി.ഇ.റ്റി.-യിൽ നിന്ന് നിർദ്ദേശം ലഭിക്കുകയും അതനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്തു. 2004 ജൂൺ 22, 23 തീയതികളിൽ നടത്തിയ റീവെരിഫിക്കേഷൻ റിപ്പോർട്ട് ഡി.ജി.ഇ.റ്റി.-യിൽ അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡി.ജി.ഇ.റ്റി.-യിൽ നിന്ന് അഫിലിയേഷൻ സംബന്ധിച്ച ഉത്തരവ് ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly